# കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്
കാരക്കോണം പിഒ, തിരുവനന്തപുരം, 695504
phone 0471 2250235, email : nregakkl@gmail.com, kunnathukalgp@gmail.com


നം.ജെ,സി2-7233/2024

തീയതി: 13.11.2024

പ്രേഷിതൻ,

സെക്രട്ടറി
കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്,

ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

വിഷയം:- കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്- വർക്ക് ഷോപ്പിന് ലൈസൻസ് അനുവദിക്കുന്നില്ല എന്ന് ആക്ഷേപം ഉന്നയിച്ച് ശ്രീ.അനു.പി എന്ന വ്യക്തി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതിയിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന:- (1) 01/04/2024 തീയതി ശ്രീ.അനു.പി സമർപ്പിച്ച 2924/24 നമ്പർ ലൈസൻസ് അപേക്ഷ
(2) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 29/04/2024 തീയതിയിലെ PCB/DVM-Do/COMP/ GEN/2021 നമ്പർ കത്ത്
(3) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 16/10/2024 തീയതിയിലെ PCBCTM/TVM-DO/COMP/ GEN/2021 നമ്പർ കത്ത്
(4) ശ്രീ.അനു.പി, നാരകംനിന്നവിള വീട്, തേരണി,ആനാവൂർ.പി.ഒ എന്ന വ്യക്തി ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതി

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു. കു ആനാവൂർ വട്ടക്കുളം തേരണി, അനു ഭവനിൽ ശ്രീ.അനു.പി എന്ന വ്യക്തി കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മണവാരി വാർഡിൽ 185-A നമ്പർ കെട്ടിടത്തിൽ ഇഞ്ചിനിയറിംഗ് വർക്സ് എന്ന പേരിൽ ഒരു വെൽഡിംഗ് വർക്സ് ഷോപ്പ് നടത്തുന്നതിന് അനുമതിക്കായി സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയോടൊപ്പം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള Consent to Operate ഹാജരാക്കിയിരുന്നു. ഗേറ്റ് & ഗ്രിൽ മേക്കിംഗ് എന്ന പ്രവർത്തനത്തിൽ മാത്രം ഏർപ്പെടുക എന്ന വ്യവസ്ഥയോടെ 2024-25 സാമ്പത്തിക വർഷം ടിയാന് ലൈസൻസ് അനുവദിച്ചിരുന്നു.

അപേക്ഷകൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് വർക് ഷോപ്പിൽ വണ്ടികളുടെ പാച്ച് വർക് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു എന്ന് കാണിച്ച് ശ്രീ സുരേഷ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നേരിട്ട് സമർപ്പിച്ച പരാതിയിന്മേൽ സൂചന 2 പ്രകാരം മലിനീകരണ നിയന്ത്ര ബോർഡ് ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ നിന്നും നേരിട്ട് സ്ഥല പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ ടിയാൻ വാഹനങ്ങളുടെ ബോഡി ബിൽഡിംഗ്, പാച്ച് വർക് എന്നിവ ചെയ്യുന്നുണ്ടെന്നും കൂടാതെ

ഈ സ്ഥാപനം പ്രവർത്തിക്കുന്നത് മൂലം ശബ്ദമലിനീകരണം ഉണ്ടാകുന്നുണ്ടെന്നും ബോധ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് പരാതിക്കാരൻ ബഹു ഹൈക്കോടതിയിൽ WP (C)No:7447/24 നമ്പറായി കേസ് ഫയൽ ചെയ്യുകയും ബഹു കോടതിയുടെ 12.06.2024 ലെ ഉത്തരവ് പ്രകാരം വർക് ഷോപ്പിന്റെ പ്രവർത്തനം നിർത്തി വെപ്പിക്കുകയും ചെയ്തിരുന്നു. ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടു എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് റദ്ദ് ചെയ്യാതിരിക്കുന്നതിനുള്ള കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 08/04/2024 തീയതി ഈ ഓഫീസിൽ നിന്നും നോട്ടീസ് നൽകിയിരുന്നു, ആയത്തിന്മേൽ വ്യക്തമായ മറുപടി നൽകാത്തതിനെ തുടർന്ന് ടി സ്ഥാപനത്തിന്റെ പ്രവർത്തനം റദ്ദ് ആക്കികൊണ്ട് 03/05/2024 തീയതി അപേക്ഷകന് കത്ത് നൽകുകയും ചെയ്തിരുന്നു. ബഹു കേരള ഹൈക്കോടതിയുടെ 21.08.2024 ലെ ഉത്തരവിൽ ലൈസൻസിനായി ശ്രീ അനു.പി വീണ്ടും സമർപ്പിച്ച അപേക്ഷയിന്മേൽ നിയമ സാധുത പരിശോധിച്ച് പരിഗണിക്കുന്നതിന് പഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഗേറ്റ് & ഗ്രിൽ മേക്കിംഗ് യുണിറ്റ് മാത്രമായി പ്രവർത്തിക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന (3) കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ അനു. പി 26/09/2024 തിയതി 7233/2024 നമ്പറായി വീണ്ടും ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ തുടർച്ചയായി നിയമലംഘനം നടത്തുന്നതായും ലൈസൻസ് ഇല്ലാതെ വർക്ക് ഷോപ്പ് പ്രവർത്തിപ്പിക്കുന്നതായും ആക്ഷേപം ഉന്നയിച്ചുകൊണ്ട് ശ്രീ.സുരേഷ് 24/10/2024 തീയതി വീണ്ടും പരാതി സമർപ്പിച്ചിരുന്നു. തുടർന്ന് ശ്രീ അനു.പി സമർപ്പിച്ച ലൈസൻസ് അപേക്ഷ 29/10/2024 തിയതിയിൽ നടന്ന പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ വെച്ചിരുന്നു. കമ്മറ്റി, അപേക്ഷയിൻമേൽ വിശദമായ ചർച്ച നടത്തുകയും, അപേക്ഷകൻ തുടർച്ചയായി നിയമലംഘനങ്ങൾ നടത്തുന്നതിനാലും വർക്ക് ഷോപ്പിന്റെ പ്രവർത്തനം പരാതിക്കാരന്റെ സ്വൈര്യ ജീവിതത്തെ ദോഷകരമായി ബാധിക്കുമെന്നതിനാലും 6(1)-ാം നമ്പർ തീരുമാന പ്രകാരം ലൈസൻസ് നല്കേണ്ടതില്ല എന്ന് ഐകകണ്ഠേന തീരുമാനിച്ചിരുന്നു എന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്

OFFICE OF THE KUNNATHUKAL GRAMA PANCHAYAT KARAKONAM. P.O PIN - 695504

ജലജകുമാരി. വി
സെക്രട്ടറി
കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്
കാരക്കോണം പി.ഒ. തിരുവനന്തപുരം. (Dt.)
Tel: 0471-2250235, Mob: 9496040627